# പതിമൂന്നാം കേരള നിയമസഭ

## ഒന്‍പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5071** **01/07/2013 –ല്‍ മറുപടിക്ക്**

**യുവജനക്ഷേമത്തിനായി പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ബഷീര്‍ | കുമാരി. പി.കെ. ജയലക്ഷ്മി<br>(ബഹു: പട്ടികവര്‍ഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) യുവജനക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികള്‍ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ; | (എ) കേരള സംസ്ഥാന യുവജനക്ഷേമ ബോര്‍ഡ് യുവജന ക്ഷേമത്തിനായി താഴെച്ചേര്‍ക്കുന്ന പദ്ധതികള്‍ വിജയകരമായി നടത്തി വരുന്നു.<br>1. കേരളോത്സവം<br>2. യൂത്ത് അവാര്‍ഡ്<br>3. ജോബ് ഫെസ്റ്റുകള്‍<br>4. യുവ മാധ്യമ പ്രവര്‍ത്തക ക്യാമ്പ്<br>5. ഇന്റര്‍ നാഷണല്‍ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം<br>6. വ്യക്തിത്വ വികസന ക്യാമ്പ്<br>7. വനിതാ ശില്‍പശാല<br>8. ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്<br>9. സാഹസിക അക്കാദമികള്‍ വഴിയുള്ള സാഹസിക പ്രവര്‍ത്തനങ്ങള്‍<br>10.ദേശീയോദ്ഗ്രഥന ക്യാമ്പ്<br>11.ഗോത്രവര്‍ഗ്ഗ കലാമേള<br>12.പ്രി[illegible]ര്‍ച്ചര്‍ ഓറിയന്റേഷന്‍ പ്രോഗ്രാം<br>13. നാടന്‍ കലാമേള<br>14.തൊഴില്‍ പരിശീലനം<br>15. ബോധവല്‍ക്കരണ ക്യാമ്പുകള്‍<br>16.യുവജന ദിനാചരണം<br>17.കളരിപ്പയറ്റ് പഠന പ്രദര്‍ശനം<br>18.നാടക പരിശീലന കളരി<br>19.ഡി. റ്റി. പി. ഓണ്‍ലൈന്‍ പരിശീലനം<br>20.വിഷന്‍ - 2030 |

| | |
|---|---|
| | 21. ഭാരത് ദർശൻ യാത്ര<br>22. ചലച്ചിത്ര ശില്പശാല<br>പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| **(ബി)** മലപ്പുറം ജില്ലയിൽ എന്തെല്ലാം പദ്ധതികളാണ് ആയതു പ്രകാരം നടപ്പിലാക്കി വരുന്നത്; പഞ്ചായത്ത് അടിസ്ഥാനമാക്കിയുള്ള വിവരം ലഭ്യമാക്കുമോ. | **(ബി)** മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിൽ യുവജനക്ഷേമ ബോർഡ് ഹാബിറ്റാറ്റിന്റെ മേൽനോട്ടത്തിൽ ഒരു യുവ അതിഥി മന്ദിരം നിർമ്മിച്ചിട്ടുണ്ട്. 2013 മെയ് 2 – 4 തീയതികളിൽ കോട്ടക്കൽ അധ്യാപക ഭവനിൽ വച്ച് 'യുവ 2013' എന്ന പേരിൽ ജില്ലാതല വ്യക്തിത്വ വികസന ക്യാമ്പ് സംഘടിപ്പിച്ചു. മെയ് 23-25 തീയതികളിൽ മാപ്പിള കലകൾക്ക് പ്രോത്സാഹനം നൽകുവാനും യുവസമൂഹത്തിന് മാപ്പിള കലകളെ പരിചയപ്പെടുത്തുന്നതിനുമായി 'ഇശൽപെരുമ 2013' സംഘടിപ്പിച്ചിട്ടുണ്ട്. യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ജില്ലയിലെ തിരഞ്ഞെടുത്ത 18 ക്ലബ്ബുകൾക്ക് 2010-11 സാമ്പത്തിക വർഷം സ്വയം തൊഴിൽ പരിശീലനം, ബോധവൽക്കരണ പരിപാടി, കാർഷിക വികസന പദ്ധതി എന്നിവക്കായി സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. ബ്ലോക്കടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത ക്ലബ്ബുകൾക്ക് പഞ്ചദിന പരിശീലനം നൽകിയ പദ്ധതിയിൽ മലപ്പുറം ജില്ലയിലെ 22 ക്ലബ്ബുകൾക്ക് 20,000/- രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) നടപ്പു സാമ്പത്തികവർഷം ബജറ്റിന്റെ പദ്ധതികളിൽ ഏറനാട് മണ്ഡലത്തിൽ നിന്നുള്ള പദ്ധതികൾ ഏതെല്ലാം ഉൾപ്പെട്ടിട്ടുണ്ട്; ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ബ്ലോക്കടിസ്ഥാനത്തിൽ നടത്തുന്ന എല്ലാ പദ്ധതികളും ഏറനാട് നിയോജക മണ്ഡലത്തിലും ഉൾപ്പെടുന്നതാണ്. നടപ്പുവർഷം ഏറനാട് മണ്ഡലത്തിൽ നിന്നും പ്രത്യേക പദ്ധതികളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. പ്രപ്പോസൽ ലഭിക്കുന്ന മുറക്ക് ആക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

അനുബന്ധം ലൈബ്രറിയിൽ വെച്ചിട്ടുണ്ട്

സെക്ഷൻ ഓഫീസർ